*രാവിലത്തെ ചായ കഴിഞ്ഞ്*

*ടി.വി കണ്ടിരിക്കുമ്പോൾ*

*അച്ഛൻ ഉറക്കം തൂങ്ങാറുണ്ടെന്നും..*

*അപ്പോൾ അമ്മ വിളിച്ചുണർത്തി*

*ചൂട്ട ചായ കൊടുക്കുമെന്നും..*

*ഉച്ചയൂണ് കഴിഞ്ഞ്*

*രണ്ട്ട പേരും ഒന്ന് മയങ്ങുമെന്നും..*

*പറമ്പിൽ*

*തൊട്ടാവാടിപ്പൂക്കളുണ്ടെന്നും..*

*വൈകുന്നേരം*

*മുറ്റത്തെ മാവിൻ തണൽ*

*സിറ്റ് ഔട്ടിലെ കസേരയോട്*

*കുശലം പറയാൻ വരുമെന്നും..*

*അഞ്ചുമണിയുടെ വെയിൽ*

*ഊണുമേശപ്പുറത്ത്*

*വിരിയിട്ടുമെന്നും..*

*ഇന്നലെ വന്ന കൊറോണയാണ്*

*കാട്ടിത്തന്നത്..*

***Adithi***
***SanthoshIXB***
***NSGHSMANNAR***